Week - 2

# Weekly Devotions March 2018

## നിർമ്മലമായ പ്രാർത്ഥന (The prayer of purity)




മനോഭാവത്തിന്റെ അവസ്ഥ മനസ്സിനെ അസ്വസ്ഥമാക്കുന്നതാണ്. മാനസിക അസ്വസ്ഥത ശരീരത്തിന്റെ ആരോഗ്യത്തിനെ ബാധിക്കുന്നു. ശരീരത്തിന്റെ ചലനശക്തി നഷ്ടമാകുന്നതിനും ഇത് കാരണമാകുന്നു. അതിശക്തമായി സുവിശേഷപ്രവർത്തനങ്ങൾ നിരോധിച്ച ചൈനയിൽ മൂന്നു സ്ത്രീകൾ രഹസ്യമായി സുവിശേഷപ്രവർത്തനങ്ങൾ ചെയ്തുവന്നു. ചൈനയിലെ കർശനനിയമം അറിഞ്ഞുകൊണ്ട് വേലചെയ്യുന്ന ഇവരെപ്പറ്റി രഹസ്യ അറിവ് ആരോ നൽകിയതനുസരിച്ച് പോലിസ് അവിടയെത്തി തീവ്ര സുവിശേഷ വിരോധിയായ പോലീസ് മേധാവി ബലമായി കതകുതുറന്ന് മുട്ടിന്മേൽ നിന്ന മൂന്നുപേരെയും അറസ്റ്റുചെയ്യുവാൻ വിരൽചുണ്ടി ആജ്ഞാപിച്ചു. അറസ്റ്റുനടന്നു പക്ഷേ മേധാവിയുടെ കയ്യും വിരലും മടക്കുവാനോ, നിന്നയിടത്തുനിന്നും ചലിക്കുവാനോ അയാൾക്ക് കഴിഞ്ഞിയില്ല. വേദനവർദ്ധിച്ച മേധാവിയോട് ഈ സഹോദരിമാർ അദ്ദേഹത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിച്ചാൽ ഈ വേദന മാറുമെന്ന് പറഞ്ഞ പോലിസുകാരനോട് അയാൾ അലറി. എന്നാൽ വേദന കഠിനപ്പെട്ട മേധാവിയുടെ മനോഭാവം മാറുകയും സഹോദരിമാരെ പ്രാർത്ഥിപ്പാൻ അയാൾ തന്നെ വിളിക്കുകയും വിലങ്ങ് മാറ്റുകയും ചെയ്തു. സ്വതന്ത്രരായ സഹോദരിമാർ അദ്ദേഹത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു. ക്ഷണത്തിൽ വിടുതൽ പ്രാപിച്ച മേധാവിയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന പോലിസുകാരും ഇവരെ സുവിശേഷ പ്രവർത്തനങ്ങളിൽ സഹായിക്കുകയും കർത്താവിന്റെ നല്ല സാക്ഷികളാകുകയും ചെയ്തു.

ശുദ്ധഹൃദയത്തോടും, വിശ്വാസത്തോടും നാം പ്രാർത്ഥിച്ചാലും ചില ഭൗമീകരുടെ പ്രവർത്തികൾ അതിനെ തടയും, എന്നാൽ നമ്മെ നന്നായി അറിയുന്നവൻ പ്രതികൂലങ്ങളുടെ നടുവിൽ നമുക്കായി പ്രവർത്തിയ്ക്കും. ലൂക്കോ :(18:35-43) വരെയുള്ള വാക്യങ്ങളിൽ ഹൃദയം നുറുങ്ങിയവർക്ക് സമീപസ്ഥനായ യഹോവയോട് "കരുണയക്കായി" കുരുടനായ ബർത്തിമായി നിലവിളിച്ചതായി കാണാം. ഇന്നത്തെപ്പോലെ അന്നും യേശുവിനെയും സുവിശേഷത്തെയും സംരക്ഷിക്കുന്നു എന്ന ഭാവത്തിലുള്ള വ്യാജന്മാർ ഉണ്ടായിരിക്കുന്നു. കുരുടൻ തന്റെ ആവശ്യത്തിന്റെ തീവ്രത നന്നായി അറിയാവുന്നതിനാൽ വ്യാജന്മാരുടെ വിലക്കു ലംഘിച്ച് അത്യുച്ചത്തിൽ നിലവിളിച്ചു. "യേശുനിന്നു" വിലക്കിയവരെക്കൊണ്ടുതന്നെ അവനെ വിളിപ്പിച്ച് അവന്റെ കാഴ്ച വേണമെന്നുള്ള അപേക്ഷ കേട്ട് സൗഖ്യം നൽകി. ചുറ്റും കൂടിയ വിലക്കു സംഘം അത്ഭുതപ്പെട്ടു. ബർത്തിമായി സകലവും വിട്ട് അവനെ അനുഗമിച്ചു.

യേശുവിന്റെ അടുക്കലേക്ക് കൊതിയോടെ വരുന്നവരെ തടയുന്നവർ ഇന്നും ഉണ്ട്. ഒരു യോഗത്തിൽ ഇന്ന് നീ മരിച്ചാൽ നിന്റെ നിത്യത എവിടെ എന്ന ചോദ്യത്തിനു മുൻപിൽ ഉത്തരമില്ലാതെ വിഷമിച്ച സഹോദരിയ്ക്ക് വഴികാട്ടിക്കൊടുത്ത എന്നെയും, ആ സഹോദരിയേയും വിലക്കു സംഘം ധാരാളം ഭയപ്പെടുത്തി. ഇതുപോലെയുള്ള വിലക്കു സംഘത്തിന് രോഗികളോടും ദയവില്ല. ലൂക്കോ:(5:17-24) വരെയുള്ള ഭാഗത്ത് പക്ഷവാതക്കാരനുമായി വന്ന നാലു പേരെ യേശുവിന്റെ അടുക്കലയയ്ക്കുവാൻ സമ്മതിക്കാതെ വഴി അടച്ചു.

ക്കിവച്ചു. തളർന്നു കിടന്നവൻ കിടക്ക എടുത്ത് വീട്ടിൽ പോയി. കയറുവാൻ സ്ഥലം കൊടുക്കാഞ്ഞവർ, ഇറങ്ങുവാൻ ഭയത്തോടെ വഴി ഉണ്ടാക്കിക്കൊടുത്തു.

ദാനിയേൽ '21' ദിവസം ഉപവസിച്ച് തന്നെത്താൻ താഴ്ത്തി പ്രാർത്ഥിച്ചപ്പോൾ തന്നെ പ്രാർത്ഥനയുടെ മറുപടി സ്വർഗ്ഗം അയച്ചു. പക്ഷെ അത് തടഞ്ഞ പാർസി പ്രഭുവിനോട് (സാത്താന്റെ പ്രതീകം) മിഖായേൽ യുദ്ധം ചെയ്താണ് മറുപടി ലഭിപ്പാൻ ഇടയാക്കിയത്. ദാനി:(10:12-13) ഇന്ന് നമ്മുടെ പ്രാർത്ഥയുടെ മറുപടി തടയുവാൻ ദുഷ്ട ശക്തികളെ പരിശുദ്ധാത്മാവ് അനുവദിക്കുന്നില്ല. പ്രർത്ഥനയോടെ പ്രവർത്തിച്ച് നിത്യരാജ്യത്തിന് ഓഹരിക്കാരായി അനേകരെ മാറ്റുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ശുദ്ധ ഹൃദയത്തോടെയുള്ള നിർമ്മലമായ പ്രാർത്ഥന നമ്മുടെ ബലമാകട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind